# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T1898 12.02.2013-ലെ മറുപടിക്ക്

## ചെലവ് ചുരുക്കലിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ബഹു. മുഖ്യമന്ത്രി
ശ്രീ. ഉമ്മൻ ചാണ്ടി

| | | |
|---|---|---|
| (എ.) | ചെലവ് ചുരുക്കലിന്റെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം നിലവിലുള്ള ചെലവുകൾ വെട്ടിച്ചുരുക്കുകയുണ്ടായി ; | അനാവശ്യചെലവുകൾ ഒഴിവാക്കുന്നതിന്റെയും ചെലവ് ചുരുക്കുന്നതിന്റെയും ഭാഗമായി ഭരണപരമായതും, വിഭവ സംരക്ഷണത്തിനുതകുന്ന തരത്തിലുള്ളതുമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണമേർപ്പെടുത്തി. ഇലക്ട്രിസിറ്റി, ടെലിഫോൺ, യാത്രാ ബത്ത എന്നിവയിലെ ചെലവുകൾ മുൻവർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനുള്ളിൽതന്നെ നിർത്തേണ്ടതാണെന്ന് നിർദ്ദേശം നൽകി. ആരോഗ്യ-കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപയോഗം പരമാവധി നിയന്ത്രിക്കുവാൻ നിർദ്ദേശം നൽകി. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ഡയറി അച്ചടിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തി. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകൾ തുടരുന്നതോടൊപ്പം തന്നെയാണ് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് വകുപ്പുതലവൻമാർക്ക് നിദ്ദേശം നൽകിയിട്ടുണ്ട്. 08.08.2012 ലെ സ.ഉ. (പി) നം. 441/2012/ധന, സ.ഉ. (പി) നം 442/2012/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ചെലവുചുരുക്കൽ ഉത്തരവുകളും മന്ത്രിമാരും, ഉന്നത ഉദ്യോഗസ്ഥന്മാരും ഉൾപ്പെടെ എല്ലാ വിഭാഗത്തിനും ബാധകമാണ്. |
| (ബി.) | സർക്കാർ മീറ്റിംഗുകൾ സർക്കാർ സംരംഭമായ മസ്കറ്റ് ഹോട്ടലിൽ നടത്താതെ ഉയർന്ന സ്റ്റാർ ഹോട്ടലുകളിൽ നടത്തിയിട്ടുണ്ടോ ; | കെ.റ്റി.ഡി.സിയുടെ തന്നെ നിയന്ത്രണത്തിലുള്ള സമുദ്ര പോലുള്ള ഹോട്ടലുകളിൽ വച്ചും മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി.) | ആർഭാടത്തിനും അനാവശ്യമായും ചെലവുകൾ വരുത്തിയതിന്റെ പേരിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിക്കുകയുണ്ടായോ ; വിശദമാക്കാമോ ; | കൊച്ചിൻ ബിനാലെ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളിൽ അനാവശ്യ ചെലവും ധൂർത്തും ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ ടി സ്ഥാപനത്തിനെതിരെ കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി.) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വഴി ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വഴിയുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല. എന്നാൽ സർക്കാർ വാഹനം ദുരുപയോഗം ചെയ്യപ്പെടുന്നതായി കണ്ടെത്തപ്പെടുന്ന ഉദ്യോഗസ്ഥരിൽ / വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസറിൽ നിന്നും 24.02.2003 -ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 113/03/ധന -യുടെ 18-ാം ഖണ്ഡിക പ്രകാരം ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപയോഗിച്ച മാസത്തെ ഇന്ധന ഉപഭോഗം കണക്കിലെടുത്ത് ടി ഇന്ധന വിലയുടെ പകുതി ഈടാക്കിവരുന്നുണ്ട്. ഈ ഇനത്തിൽ തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ആരോഗ്യം, സഹകരണം, ആഭ്യന്തരം, നികുതി, കൃഷി, റവന്യൂ, ഭവന നിർമ്മാണം തുടങ്ങിയ വകുപ്പുകളിലെയും കേരള വാട്ടർ അതോറിറ്റി, ബിവറേജസ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 58 ഉദ്യോഗസ്ഥരിൽ നിന്നായി 2012 വർഷത്തിൽ 9,54,467/- രൂപ പിഴയായി ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ 37,799/- രൂപ ഈടാക്കിയതായി ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. |
| (ഇ.) | ചെലവ് ചുരുക്കൽ സംബന്ധമായ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന്റെ പേരിൽ എത്ര കേസുകളിൽ നടപടി സ്വീകരിച്ചു? | ചെലവ് ചുരുക്കൽ സംബന്ധമായ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന്റെ പേരിൽ അതാത് വകുപ്പുകളിൽ നടപടി കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ച കേസുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**